## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 655 — 24/01/2018-ൽ മറുപടിക്ക്

### വൈദ്യുതി ഉപയോഗം, ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം<br><br>**ശ്രീ.ഒ. രാജഗോപാൽ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഒരു ദിവസം 60 മില്യൺ യൂണിറ്റ് കറന്റ് 4 രൂപ 11 പൈസ നിരക്കിൽ കേരളം വാങ്ങിക്കുന്നുണ്ടോ; എങ്കിൽ ഒരു വർഷത്തേക്ക് 9000 കോടി രൂപയാകും. എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | 2017-ൽ വൈദ്യുതി വാങ്ങാൻ മൊത്തം ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ബോർഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. അതിൻപ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ വൈദ്യുതി വാങ്ങിയ ഇനത്തിൽ 7729.11 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. |
| (സി) | പണി തുടങ്ങിയതിനു ശേഷം 26 ജലവൈദ്യുത പദ്ധതികൾ മുടങ്ങിക്കിടക്കുന്നുണ്ടോ; ഈ 26 പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ പണി തുടങ്ങിയതിനു ശേഷം ജലവൈദ്യുത പദ്ധതികൾ ഒന്നും ഇപ്പോൾ മുടങ്ങികിടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ